# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1129** **04.12.2014 ൽ മറുപടിക്ക്**

**അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി**

**ചോദ്യം** **ഉത്തരം**

**ശ്രീ. വി. റ്റി.എ റഹിം** **ശ്രീ.പി.കെ.അബ്ദു റബ്ബ്**
**( വിദ്യാഭ്യാസ വകുപ്പു മന്ത്രി)**

(എ) അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(എ) & (ബി) കേരളത്തെ സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനം എന്ന പദവിയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന സാക്ഷരതാ മിഷൻ ആവിഷ്ക്കരിച്ച ഒരു നൂതന പദ്ധതിയാണ് അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിൽ പ്പെടുന്ന 15 വയസ്സ് മുതൽ 50 വയസ്സ് വരെ പ്രായമുള്ള പ്രാഥമിക വിദ്യാഭ്യാസം നേടാൻ കഴിയാതെ പോയ മുഴുവൻ പേർക്കും ഈ പരിപാടിയിലൂടെ പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിന് ലക്ഷ്യമിടുന്നു. സമ്പൂർണ്ണ നാലാംതരം തുല്യത, പരിപൂർണ്ണ സാക്ഷരത, ഇ-സാക്ഷരത, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പ്രത്യേക തുല്യതാ പരിപാടി എന്നിവ ഇതിൽ ഉൾപ്പെടുന്നു.

ഈ പരിപാടിയുടെ ഒന്നാംഘട്ടം 2011 ൽ കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലെയും തെരഞ്ഞെടുത്ത ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വിജയകരമായി നടപ്പിലാക്കി. രണ്ടാം ഘട്ടം 2014-15 വർഷം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ആരംഭിച്ചു കഴിഞ്ഞു.

........2

പഠിതാക്കളെ കണ്ടെത്തുക, തുല്യതാ പാഠാവലിയുടെ അടിസ്ഥാനത്തിൽ ക്ലാസ്സുകൾ നടത്തുക, അതോടൊപ്പം അനുബന്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, പരീക്ഷ നടത്തി വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ നൽകുക എന്നീ പ്രവർത്തനങ്ങളാണ് മുഖ്യമായും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

സെക്ഷൻ ഓഫീസർ